(ഡി) കേന്ദ്ര ഗവൺമെന്റിന്റെ അനുമതി ആവശ്യം ആയതിനാൽ ഈ പദ്ധതിക്കുള്ള മുൻഗണന നിശ്ചയിക്കുവാൻ പൂർണ്ണമായും ഈ ഗവൺമെന്റിന് കഴിയുകയില്ല.

നെയ്യാർ ഡാം പരിസരത്തുള്ള പാർക്ക്

293 [610] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാർ ഡാം പരിസരത്തുള്ള പാർക്കും മറ്റും അനാഥമായി കിടക്കുന്നതു ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ബി) അതിന്റെ വികസനത്തിന് 1985—86ൽ അനുവദിച്ച തുക എത്ര;

(സി) ആയിനത്തിൽ എന്തു തുക ചെലവഴിച്ചു?

ഉത്തരം

(എ) പണത്തിന്റെ പരിമിതികൊണ്ട് പുതിയതായി തോടിപിടിപ്പിക്കാനുള്ള പണികളും വൈദ്യുതാലങ്കാരത്തിനുള്ള ചില കേടുപാടുകൾ തീർക്കുവാനുള്ള പണികളും ചെയ്യുവാൻ കാലതാമസം ഉണ്ടായിട്ടുണ്ട് എന്നല്ലാതെ പാർക്ക് അനാഥമായിട്ടല്ല കിടക്കുന്നത്.

(ബി) വികസനത്തിന് പ്രത്യേക തുക അനുവദിച്ചിട്ടില്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

ഐ. ആർ. ഡി. പി. അനുസരിച്ച് ബ്ലോക്കുകൾക്ക് അനുവദിച്ച സംഖ്യ

294 [612] ശ്രീ. കെ. വി. സുരേന്ദ്രനാഥ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ. ആർ. ഡി. പി. പദ്ധതിയനുസരിച്ച് 1985—86-ൽ ഓരോ ബ്ലോക്കിനും അനുവദിച്ചിട്ടുള്ള സംഖ്യ എത്ര;

(ബി) ഐ. ആർ. ഡി. പി. സർവ്വെ നടത്തുമ്പോൾ 1985-86-ലേക്ക് അനുവദിച്ച സംഖ്യ പിന്നീട് കുറവു വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ട്?

ഉത്തരം

(എ) 8.882ലക്ഷം രൂപ.

(ബി) ഇല്ല.

ഐ. ആർ. ഡി. പി. മേളകൾ

295 [613] ശ്രീ. എ. സി. ഷൺമുഖദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly